(4) കടമ്പഴിപ്പുറം ഗവൺമെന്റ് ആശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, പ്രതിമാസം ഒൻപതിനായിരത്തോളം ഒ.പി.-യും തൊള്ളായിരത്തോളം ഐ.പി.-യും മറ്റ് ഓപ്പറേഷൻ സൗകര്യങ്ങളുമെല്ലാമുള്ള, സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്ന ആശുപത്രിയാണ് കടമ്പഴിപ്പുറം പി.എച്ച്.സി. ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന പൊതുജനാഭിപ്രായമുള്ള ഈ ആശുപത്രിയിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾ ഡോക്ടർമാരില്ലാതെ വലയുകയാണ്. 5 ഡോക്ടർമാരുടെ തസ്തികയാണ് കടമ്പഴിപ്പുറം പി.എച്ച്.സി.-യിലുള്ളത്. ഇപ്പോൾ അവിടെ ഒരു ഡോക്ടർ മാത്രമേയുള്ളൂ. ഒരു മാസം മുമ്പ് ഒരു ഡോക്ടറെ ചിറ്റൂരിലേക്ക് സ്ഥലം മാറ്റി. മറ്റൊരു ഡോക്ടർ 2 വർഷത്തെ ദീർഘകാല കോഴ്സിന് പോയിരിക്കുകയാണ്. ഇനി ഒരു ഡോക്ടർ ജോയിൻ ചെയ്ത അന്നുതന്നെ Working Arrangement-Â ലീവെടുത്ത് കൊല്ലത്ത് പോയി ജോലി ചെയ്യുകയാണ്. നാലാമത്തെ ഡോക്ടർ 3 ദിവസം പെരുമ്പിലാശ്ശേരിയിൽ ചാർജ് ആയി വർക്ക് ചെയ്യുകയാണ്. പ്രതിദിനം 60 പ്രസവത്തോളം നടക്കുന്ന ഈ ആശുപത്രി ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്. പകർച്ചവ്യാധികൾമൂലം ദുരിതം അനുഭവിക്കുന്ന രോഗികൾക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു. അതുകൊണ്ട് ഈ ആശുപത്രിയിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ കടമ്പഴിപ്പുറം Block Primary Health Centre-ൽ 5 ഡോക്ടർമാരുടെ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. ഒരു സിവിൽ സർജനും 4 അസിസ്റ്റന്റ് സർജന്മാരും ഇവിടെ ജോലി ചെയ്തിരുന്നു. സിവിൽ സർജൻ ട്രാൻസ്ഫറായി പോയ ഒഴിവിലേക്ക് ഒരു സിവിൽ സർജനെ ഇപ്പോൾ പോസ്റ്റ് ചെയ്തിട്ടുണ്ട്. 4 അസിസ്റ്റന്റ് സർജൻമാരിൽ 2 പേർ ഇവിടെ ജോലി നോക്കിവരുന്നു. ഒരു അസിസ്റ്റന്റ് സർജൻ വർക്കിംഗ് അറേഞ്ചുമെന്റിൽ കൊല്ലം ജില്ലയിലെ എഴുകോൺ പി.എച്ച്.സി.-യിൽ ജോലി ചെയ്യുന്നു. ഒരു ഡോക്ടർ പി.ജി.-ക്ക് പഠിക്കുന്നതിനായി ദീർഘകാലാവധിയിലാണ്. ഇങ്ങനെയുള്ള 2 ഒഴിവിൽ ഒരു ഡോക്ടറെ ദിവസ വേതന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. നിലവിലുള്ള അസിസ്റ്റന്റ് സർജന്റെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്. ദിവസേന 150-നും 200-നും ഇടയിൽ രോഗികൾ ഒ.പി.-യിൽ ചികിത്സയ്ക്കെത്തുന്നുണ്ട്. ഈ സ്ഥാപനത്തിൽ 22 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ 21 രോഗികളെ കിടത്തി ചികിൽസിക്കുന്നുണ്ട്. ഡോക്ടർമാരുടെ കുറവുണ്ടെങ്കിലും ആശുപത്രിയുടെ പ്രവർത്തനത്തെ അത് പ്രതികൂലമായി ബാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly